**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ സംവിധാനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ സംവിധാനത്തിലെ പോരായ്മ കാരണം വാഹന രജിസ്ട്രേഷൻ പുതുക്കുന്നതിനും അപേക്ഷ നൽകുന്നതിനും വാഹന ഉടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരം കണ്ടെത്തുമോ; | (എ) | വാഹന രജിസ്ട്രേഷൻ പുതുക്കുന്നതിനും അപേക്ഷ നൽകുന്നതിനും വാഹൻ സോഫ്റ്റ് വെയറിൽ സംവിധാനം നിലവിലുണ്ട്. ഏതെങ്കിലും അപേക്ഷകന് ഡാറ്റയിൽ ഉണ്ടാകുന്ന പിശക് കാരണമോ സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാറു കാരണമോ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സോഫ്റ്റ് വെയർ വികസിപ്പിച്ച നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിനെ അറിയിച്ച് പരിഹാര നടപടികൾ കണ്ടെത്തുന്നുണ്ട്. |
| (ബി) | ഉടമസ്ഥാവകാശ കൈമാറ്റത്തിനും രജിസ്ട്രേഷൻ പുതുക്കലിനും ഒരുമിച്ച് അപേക്ഷ നൽകാൻ കഴിയുന്നില്ലെന്ന പരാതി പരിഹരിക്കുമോ; | (ബി) | വാഹൻ സോഫ്റ്റ് വെയറിൽ ഉടമസ്ഥാവകാശ കൈമാറ്റത്തിനും രജിസ്ട്രേഷൻ പുതുക്കലിനും ഒരുമിച്ച് അപേക്ഷ സമർപ്പിക്കുവാനുള്ള സംവിധാനം തുടക്കം മുതലേ ഉണ്ടായിരുന്നു. എന്നാൽ ഈ അടുത്ത കാലത്തായി ഈ സംവിധാനത്തിൽ ചില പ്രശ്നങ്ങൾ ഉടലെടുക്കുകയും ഈ സേവനങ്ങൾക്കായി പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ട സാഹചര്യം വരുകയും ചെയ്തു. ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ട ഉടനെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിനെ അറിയിച്ച് പരിഹാര നടപടികൾ കണ്ടെത്തുന്നുണ്ട്. |
| (സി) | ഉടസ്ഥാവകാശം മാറ്റാൻ ഓൺലൈനിൽ അപേക്ഷ നൽകിയാൽ ആർ.സി. ബുക്ക് ആർ.ടി. ഓഫീസിൽ എത്തിക്കണമെന്ന തീരുമാനം മാറ്റിയിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് മാറ്റിയിരിക്കുന്നത്; ആയതിന്റെ ഉത്തരവ് ലഭ്യമാക്കാമോ; | (സി) | 23/09/2021 ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നം. 324/2021/ഗതാഗതം പ്രകാരം യഥാർത്ഥ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഫീസുകളിൽ ഹാജരാക്കുന്നത് ഒഴിവാക്കി, ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ അതിവേഗം നൽകാൻ ഉത്തരവായിട്ടുണ്ട്. ടി സർക്കാർ ഉത്തരവ് പ്രകാരം ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള software-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി software ഡെവലപ്പ് ചെയ്ത NIC (National Informatic Centre)യോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഉത്തരവ് നടപ്പിലാകുന്നതാണ്. |
| (ഡി) | ഒരേ ഓഫീസിൽ തന്നെ ഉടമസ്ഥാവകാശം മാറ്റാനും രജിസ്ട്രേഷൻ പുതുക്കാനും എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം ഉപഭോക്താക്കൾക്ക് പ്രയോജനകരമായ രീതിയിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഉടമസ്ഥാവകാശം മാറ്റുവാനും രജിസ്ട്രേഷൻ പുതുക്കുവാനും ഒരേ ഓഫീസിൽ തന്നെ അപേക്ഷ കൊടുത്തു ചെയ്യുവാനുള്ള സംവിധാനം വാഹൻ സോഫ്റ്റ് വെയറിൽ നിലവിലുണ്ട്. സാങ്കേതികമായ പ്രശ്നങ്ങൾ കാരണം ഈ സംവിധാനത്തിന് ചുരുങ്ങിയ കാലയളവിൽ പ്രശ്നം നേരിട്ടുവെങ്കിലും അത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഉടമസ്ഥാവകാശം മാറ്റുന്ന സന്ദർഭത്തിൽ തന്നെ പ്രസ്തുത വാഹനത്തിന്റെ മുൻ ആർ.സി. ഉടമസ്ഥനുള്ള പിഴകുടി ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ; മുൻ ഉടമസ്ഥനുള്ള പിഴകാരണം ഉടമസ്ഥാവകാശം മാറ്റാൻ പുതിയ ഉടമസ്ഥന് കഴിയാത്ത അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിക്കുന്നത്; | (ഇ) | ഒരു വാഹനത്തിന്റെ ഉടമസ്ഥാവകാശ മാറ്റത്തിനുള്ള അപേക്ഷ ഓഫീസിൽ ലഭിക്കുമ്പോൾ, പ്രസ്തുത വാഹനത്തിനെതിരെ നിലവിലുള്ള എല്ലാവിധ സർക്കാർ കുടിശ്ശികകളും അടച്ചുതീർത്താൽ മാത്രമെ വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റാൻ സാധിക്കുകയുള്ളു. മാത്രമല്ല, വാഹനത്തിന്റെ എല്ലാവിധ കുടിശ്ശികകളും അടച്ചു തീർത്താൽ മാത്രമെ വാഹൻ സോഫ്റ്റ് വെയറിൽ തുടർ സേവനം സാധ്യമാകുകയുള്ളൂ. ഇത്തരത്തിൽ മുൻ ഉടമസ്ഥനുള്ള പിഴ കാരണം ഉടമസ്ഥാവകാശം മാറ്റാൻ കഴിയാത്ത അവസ്ഥ സാധാരണ നിലവിലില്ല. എന്നാൽ ഓഡിറ്റ് ഒബ്ജക്ഷൻ, ചെക്ക് റിപ്പോർട്ടുകൾ എന്നിവ ഒരു ഓഫീസിൽ നിന്നും മറ്റ് ഓഫീസുകളിലേക്കോ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചെക്ക് റിപ്പോർട്ടുകളോ ഉടമസ്ഥാവകാശം നടന്നതിനുശേഷം സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ഇത്തരം സാഹചര്യത്തിൽ നിലവിലെ ഉടമയ്ക്ക് നോട്ടീസ് നൽകുന്നതാണ് നിലവിലുള്ള രീതി. |
| (എഫ്) | മോട്ടോർ വാഹന പിഴകൾ വാഹൻ സോഫ്റ്റ് വെയർ വഴി ഓൺലൈനായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ; കോടതിവഴിയുള്ള പിഴകളും വാഹൻ സോഫ്റ്റ് വെയറിലൂടെ അടയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | മോട്ടോർ വാഹന പിഴകൾ വാഹൻ സോഫ്റ്റ് വെയർ വഴി ഓൺലൈനായി അടക്കാനുള്ള സംവിധാനം നിലവിലുണ്ട്. സാധാരണ കോടതി വഴിയുള്ള പിഴകൾ അടക്കാൻ വാഹൻ സോഫ്റ്റ് വെയറിൽ നിലവിൽ സംവിധാനമില്ല. വാഹനിലെ ഇ-ചലാൻ മുഖാന്തിരം പിടിക്കപ്പെട്ട് പിഴയീടാക്കി വെർച്ചൽ (Virtual) കോടതിയിലേക്ക് അയക്കുന്ന കേസുകളിൽ വെർച്ചൽ കോടതി പിഴയിട്ടാൽ ആയത് ഓൺലൈൻ വഴി അടക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ